**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - വയോജന ക്ഷേമത്തിനുള്ള വിവിധ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ വയോജന ജാഗ്രത സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം. 2776/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 30.10.2018.

---

പരാമർശം : 1)പഞ്ചായത്ത് ഡയറക്ടറുടെ 25.09.2018 ലെ ജെ8/8274/18 നമ്പർ കത്ത്.

**ഉത്തരവ്**

പഞ്ചായത്തുകൾ തോറും വയോജന ജാഗ്രതാ സമിതികൾ രൂപീകരിക്കുക എന്ന ആവശ്യം ഉന്നയിച്ച് മറ്റത്തൂർ ഗ്രാമപഞ്ചായത്ത് വയോജന ക്ലബ് സെക്രട്ടറി ശ്രീ.ടി.ഡി.ശ്രീധരൻ മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ ഹർജി സമർപ്പിക്കുകയുണ്ടായി

2. സമൂഹത്തിലെ ഏറെ പരിഗണന അർഹിക്കുന്ന വയോജനങ്ങളുടെ ക്ഷേമം മുൻ നിർത്തി വയോജനങ്ങൾക്ക് നേരെയുണ്ടാകുന്ന സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം, അതിക്രമങ്ങൾ എന്നിവയിൽ ഇടപെട്ട് പരിഹരിക്കുന്നതിനും അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും വേണ്ടി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വയോജന ജാഗ്രത സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നത് ഉചിതമായിരിക്കുമെന്ന് പഞ്ചായത്ത്ഡയറക്ടർ പരാമർശ കത്തു പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു സമൂഹത്തിലെ ഏറെ പരിഗണന അർഹിക്കുന്ന വയോജനങ്ങളുടെ ക്ഷേമം മുൻ നിർത്തി വയോജനങ്ങൾക്ക് നേരെയുണ്ടാകുന്ന സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം, അതിക്രമങ്ങൾ എന്നിവയിൽ ഇടപെട്ട് പരിഹരിക്കുന്നതിനും അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും വേണ്ടി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി പഞ്ചായത്തുകൾതോറും വയോജന ജാഗ്രത സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

1. ഐസിഡിഎസ് ചെയർപേഴ്സൺ
2. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
3. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
4. ഗ്രാമപഞ്ചായത്ത് സെക്രട്ടറി
5. ഐസിഡിഎസ് സൂപ്പർവൈസർ
6. മെഡിക്കൽ ഓഫീസർ
7. സ്ഥലം ചുമതലയുള്ള എസ്.ഐ
8. സീനിയർ സിറ്റിസൺ ഫോറത്തിലെ ഒരംഗം
9 വില്ലേജ് ഓഫിസർ

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഐസിഡിഎസ് ചെയർപേഴ്സൺ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ